**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3601** **05-08-2021 - ൽ മറുപടിയ്ക്ക്**

**പാടശേഖരങ്ങളിൽ വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാടശേഖരങ്ങളിൽ കൃഷി ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | സാധാരണഗതിയിൽ തിരിച്ചറിയൽ രേഖയും, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്ന വിധം ചട്ടങ്ങൾ പരിഷ്കരിച്ചെങ്കിലും ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നത് കൃഷിവകുപ്പ് ആയതിനാൽ കൃഷിവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ. ബി.എൽ നല്കി വന്നിരുന്നത്. കാർഷിക കണക്ഷനുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഭൂവിസ്തൃതി പരിശോധിക്കുന്നത് ഒഴിവാക്കുകയും, ഉദ്ദേശ്യം മാത്രം പരിശോധിച്ച ശേഷം വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനു, മറ്റ് എല്ലാ വൈദ്യുത കണക്ഷനുകളുടെയും കാര്യത്തിലെന്നപോലെ, അപേക്ഷയോടൊപ്പം രണ്ട് രേഖകൾ (ഉടമസ്ഥാവകാശം തെളിയിക്കുന്നതും മറ്റൊന്ന് തിരിച്ചറിയൽ രേഖയും) ഹാജരാക്കി അപേക്ഷകർക്ക് LT- V A താരിഫ് (വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കുള്ളവ) വിഭാഗത്തിൽ കാർഷിക കണക്ഷനുകൾ നൽകുവാൻ കെ.എസ്.ഇ. ബി.എൽ അനുമതി നൽകിയിട്ടുണ്ട്. കൃഷിവകുപ്പ് വൈദ്യുതി ചാർജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾക്ക് മാത്രമേ ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസൃതമായും, ബന്ധപ്പെട്ട അധികാരിയിൽ നിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കണമെന്നു നിഷ്കർഷിക്കുന്നുള്ളൂ. |
| (ബി) | കൃഷി ആവശ്യങ്ങൾക്ക് നൽകുന്ന വൈദ്യുതിക്ക് കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യ ങ്ങൾക്കുള്ള വൈദ്യുതി, വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, LT V(A) അഗ്രികൾച്ചർ താരിഫിലാണ് നൽകി വരുന്നത്. താഴെ പറയുന്ന ഇളവുകൾ ആണ് സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | കർഷകർക്ക് ലഭിച്ച കൊണ്ടിരിക്കുന്നത്. 1. 2012-13 സാമ്പത്തിക വർഷം മുതൽ, സംസ്ഥാനത്തെ കർഷകർ, കമ്മീഷൻ നിശ്ചയിച്ച വരുന്ന എനർജി ചാർജിൽ ഒരു യൂണിറ്റിന് 85 പൈസ നിരക്കിൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകി വരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതി വർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകി വരുന്നത്. 2. സംസ്ഥാന ഗവൺമെന്റ്, നിഷ്കർഷിച്ച ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ് പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ് 12 കോടിയോളം രൂപ വരും. 3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, ഒരു യൂണിറ്റിന് 2.76 പൈസാ നിരക്കിലാണ് നൽകി വരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമൈസ്സസിൽ എത്തിക്കുന്നതിനാവശ്യമായ ചിലവ് ആയ (Average cost of supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ